(ഡി) സാധാരണ തട്ട് കടകൾ സ്ഥിരമായി ഒരു സ്ഥലത്ത് സ്ഥാപിച്ച് നടത്താറില്ല. ഈ സാഹചര്യത്തിൽ ഇത്തരം കടകൾക്ക് ലൈസൻസ് നൽകാൻ പറ്റുമോ എന്ന് പരിശോധിച്ച് വരികയാണ്.

മുനിസിപ്പാലിറ്റികളിൽ കൊതുക് ശല്യം തടയാൻ മരുന്നടിക്കുന്നതിനും മാലിന്യങ്ങൾ മാറ്റുന്നതിനും നടപടി

117 (1586) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പാലിറ്റികളിൽ കൊതുക് ശല്യം തടയാൻ മരുന്നടിക്കുന്നതിനും മാലിന്യങ്ങൾ മാറ്റുന്നതിനും ആവശ്യമായ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(ബി) കോർപ്പറേഷനുകളിലെയും മുനിസിപ്പാലിറ്റികളിലെയും ആരോഗ്യ പരിപാലന മേഖല കൂടുതൽ ശക്തിപ്പെടുത്താൻ ശ്രദ്ധ പതിപ്പിക്കുമോ ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കോർപ്പറേഷനുകളിലേയും മുനിസിപ്പാലിറ്റികളിലേയും ആരോഗ്യ പരിപാലന മേഖല ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൊച്ചി നഗരത്തിൽ ജി.സി.ഡി.എ.യുടെ കൈവശമുള്ള സ്ഥലം

118 (1587) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നഗരത്തിൽ ജി.സി.ഡി.എ.-യുടെ കൈവശമുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണം വ്യക്തമാക്കുമോ ;

(ബി) മറൈൻ ഡ്രൈവിൽ ജി.സി.ഡി.എ.യ്ക്ക് എത്ര ഏക്കർ സ്ഥലമുണ്ട് ;

(സി) കഴിഞ്ഞ 2 കൊല്ലങ്ങൾക്കുള്ളിൽ ജി.സി.ഡി.എ. വക സ്ഥലം കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) എക്സൽ പ്രോപ്പർട്ടീസ് എന്ന സ്ഥാപനം ജി.സി.ഡി.എ.യുടെ പക്കൽനിന്നും സ്ഥലം വാങ്ങിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(ഇ) സെന്റിന് എന്തുവില വച്ചാണ് എക്സൽ പ്രോപ്പർട്ടീസിന് സ്ഥലം നൽകിയത് ; ഇത് സംബന്ധിച്ച് ജി.സി.ഡി.എ.-ക്ക് എത്ര ടെണ്ടറുകൾ ലഭിച്ചിട്ടുണ്ട് ;

(എഫ്) ജി.സി.ഡി.എ.യും എക്സൽ പ്രോപ്പർട്ടീസുമായി നടന്ന ഇടപാടിൽ ജി.സി.ഡി.എ.യ്ക്ക് 4 കോടി രൂപയുടെ നഷ്ടം ഉണ്ടായതായ വിമർശനം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) ജി.സി.ഡി.എ.യുടെ മുൻ.ചെയർമാന്റെമേൽ ഇതുമായി ബന്ധപ്പെട്ട് സമ്മർദ്ദമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly